**തൃശ്ശൂർ ജില്ലാ കലക്ടറുടെ നടപടിക്രമം**
**(ഹാജർ:- വി ആർ കൃഷ്ണതേജ മൈലാവരപ്പ് ഐ.എ.എസ്.)**

വിഷയം: RFCTLARR Act 2013- തൃശ്ശൂർ ജില്ല - ചാവക്കാട് താലൂക്ക് – ഗുരുവായൂർ വില്ലേജ് - ചാവക്കാട് നഗരസഭയുടെ കീഴിലുള്ള അറവുശാല നവീകരിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ - സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ വിദഗ്ധ സമിതി റിപ്പോർട്ട് സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. 26.03.2018ലെ ചാവക്കാട് നഗരസഭ സെക്രട്ടറിയുടെ E1-7290/16 നമ്പർ കത്തും അർത്ഥനയും

2. 19.03.2022 ലെ റവന്യൂ (ബി) വകുപ്പിന്റെ G.O(Rt)No.1193/2022/RD നം ഉത്തരവ്

3. ഈ കാര്യാലയത്തിലെ 31.07.2023 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം.

4. 30.11.2023 തീയതിയിലെ കേരള ഗസറ്റ് അസാധാരണം വാല്യം 12 നമ്പർ 3898 ഫോറം 4(1) വിജ്ഞാപനം

5 . 12.01.2024 തീയതിയിലെ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ കേരള വൊളന്റി ഹെൽത്ത് സർവീസസ് ചെയർമാൻ സമർപ്പിച്ച അന്തിമ പഠന റിപ്പോർട്ട്.

6. വിദഗ്ധ സമിതി രൂപീകരിച്ചു കൊണ്ടുള്ള ഈ കാര്യാലയത്തിലെ 08.02.2024 ലെ ഇതേ നമ്പർ നടപടിക്രമം.

7. 30.05.2024 തീയതിയിലെ വിദഗ്ധ സമിതി റിപ്പോർട്ട്.

**ഉത്തരവ് നമ്പർ : DCTSR/2703/2018-E2** **തീയതി:05-06-2024**

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് നഗരസഭയുടെ കീഴിലുള്ള അറവുശാല നവീകരിക്കുന്നതിനായി ചാവക്കാട് താലൂക്കിലെ ഗുരുവായൂർ വില്ലേജ് സർവ്വെ നം. 201/2ൽപ്പെട്ട 4.5 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം ചാവക്കാട് നഗരസഭ സെക്രട്ടറിയിൽ നിന്നും അർത്ഥനയും പരാമർശം (2) പ്രകാരം റവന്യൂ (ബി) വകുപ്പിന്റെ ഉത്തരവും ലഭ്യമായിട്ടുള്ളതാണ്. സ്പെഷ്യൽ തഹസിൽദാർ എൽ.എ ജനറൽ, തൃശ്ശൂരിനെ ലാന്റ് അക്വസിഷൻ ഓഫീസറായി നിയോഗിച്ചിട്ടുള്ളതുമാണ്. 29.06.2016ലെ സർക്കാർ ഉത്തരവ് (P) നം. 376/2016/RD പ്രകാരം 200 ആർ ന താഴെയുള്ള ഭൂമി ഏറ്റെടുക്കലുകളിൽ ജില്ലാ കളക്ടറെ സമുചിത ഗവണ്മെന്റായി നിയോഗിച്ച് ഉത്തരവായിട്ടുള്ളതാണ്.

RFCTLARR Act 2013ലെ സെക്ഷൻ 4 പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയെ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാതപഠനം നടത്തുന്നതിനായി SIA യൂണിറ്റായ എക്സി. ഡയറക്ടർ, കേരള വോളന്ററി ഹെൽത്ത് സർവ്വീസസ്, മുള്ളൻകുഴി, കോട്ടയം എന്ന യൂണിറ്റിനെ പരാമർശം ( 3 ) പ്രകാരം നിയോഗിച്ചിട്ടുള്ളതും ടി യൂണിറ്റിനെ നിയമിച്ചുകൊണ്ട് RFCT LARR ചട്ടം 11(3) പ്രകാരമുള്ള Form (4) വിജ്ഞാപനം പരാമർശം (4) പ്രകാരം അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും പദ്ധതി പ്രദേശത്തെ സംബന്ധിച്ച അന്തിമ പഠന റിപ്പോർട്ട് സാമൂഹിക പ്രത്യാഘാതപഠന യൂണിറ്റ്

പരാമർശം (5) പ്രകാരം സമർപ്പിച്ചിട്ടുള്ളതും ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ട് വിലയിരുത്തുന്നതിനായി പരാമർശം (6) പ്രകാരം രൂപീകരിച്ച വിദഗ്ധ സമിതി പരാമർശം (7) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് നഗരസഭയുടെ കീഴിലുള്ള അറവുശാല നവീകരിക്കുന്നതിനായി ഒരു വ്യക്തിയുടെ ഭൂമി മാത്രമാണ് ഏറ്റെടുക്കേണ്ടതെന്നും പ്രസ്തുത ഭൂമിയിൽ ചമയങ്ങൾ ഒന്നുമില്ലാത്തതിനാൽ സാമൂഹ്യപ്രത്യാഘാതം വളരെ കുറവാണെന്നും സമിതി വിലയിരുത്തി. പ്രസ്തുത ഭൂമി താമസത്തിനോ, കച്ചവട ആവശ്യങ്ങൾക്കോ ഉപയോഗിക്കാത്ത സ്ഥലമായതിനാൽ പുനരധിവാസത്തിന്റെ ആവശ്യമില്ലായെന്ന് സമിതി ചൂണ്ടികാട്ടുന്നു.

പ്രസ്തുത പദ്ധതി പൊതു ആവശ്യത്തിന് ഉതകുന്നതാണ് എന്നതിനാലും പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന സാമൂഹ്യ ചെലവുകളേയും സാമൂഹ്യ പ്രത്യാഘാതങ്ങളേയും അപേക്ഷിച്ച് വളരെ വലുതാണ് എന്നും അഭിപ്രായമുള്ളതുകൊണ്ട് RFCT LARR ACT 2023 ലെ ബന്ധപ്പെട്ട വകുപ്പുകളിലും ചട്ടങ്ങളിലും പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ഭൂമി ഏറ്റെടുക്കുന്നതിന് വിദദ്ധ സമിതി ശുപാർശ ചെയ്യുന്നു.

സാമൂഹ്യ ആഘാത പഠന റിപ്പോർട്ടും വിദഗ്ധസമിതി റിപ്പോർട്ടും പരിശോധിച്ചതിൽ നിർദ്ദിഷ്ട ഏറ്റെടുക്കലിലേയ്ക്ക് യുക്തവും വിശ്വാസയോഗ്യവുമായ ഒരു പൊതു ആവശ്യമുണ്ടെന്നും അതാണ് നിർണ്ണയിക്കപ്പെട്ട ഭൂമിയുടെ ഏറ്റെടുക്കൽ നടപടി ആവശ്യമാക്കിത്തീർത്തതെന്നും പദ്ധതിയ്ക്കാവശ്യമായ ചുരുങ്ങിയ ഏരിയ മാത്രമേ ഏറ്റെടുക്കുന്നുള്ളൂവെന്നും ആ പ്രദേശത്ത് നേരത്തെ ഏറ്റെടുത്തിട്ടുള്ളതും ഉപയോഗിച്ചിട്ടില്ലാത്തതുമായ ഭൂമി ഇല്ലെന്നും കാണുന്നു.

മേൽ സാഹചര്യത്തിൽ ചാവക്കാട് നഗരസഭയുടെ കീഴിലുള്ള അറവുശാല നവീകരിക്കുന്നതിനായി ചാവക്കാട് താലൂക്കിൽ ഗുരുവായൂർ വില്ലേജിലെ സർവ്വെ നം. 201/2ലുൾപ്പെട്ട 4.5 സെന്റ് ഭൂമി നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് RFCT LARR Act 2013വകുപ്പ് 8 ലെ 1, 2 ഉപവകുപ്പുകൾ പ്രകാരം അനുവാദം നൽകി ഇതിനാൽ ഉത്തരാവാകുന്നു.

ഈ ഉത്തരവിന്റെ പകർപ്പ് വകുപ്പ് 8 ലെ 3-ാം ഉപവകുപ്പപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും ചട്ടം 17 ലെ ഉപചട്ടം 2 പ്രകാരം ബാധിക്കപ്പെട്ട പ്രദേശത്ത് പ്രചാരത്തിലുള്ള ഒരു മലയാള ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനുമുള്ള തുടർനടപടികൾക്കായി സ്പെഷ്യൽ തഹസിൽദാർ, എൽ.എ ജനറൽ, തൃശ്ശൂരിനെ ചുമതലപ്പെടുത്തുന്നു.

DISTRICT COLLECTOR

സ്വീകർത്താവ്:

1. സ്പെഷ്യൽ തഹസിൽദാർ എൽ.എ. ജനറൽ, തൃശ്ശൂർ. ( ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ തിയ്യതി വിവരം റിപ്പോർട്ട് ചെയ്യുന്നതിനും മറ്റ് തുടർ നടപടികൾക്കുമായി )
2. സെക്രട്ടറി, ചാവക്കാട് നഗരസഭ

Signed by
V R Krishna Teja Mylavarapu I A S
Date: 05-06-2024 14:24:50